നം.999/3എൽ എൽ.ബി/2012/റ്റി.എ.2/സി.ഇ.ഇ

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## സർക്കാർ ലോ കോളേജുകളിലേക്കും സ്വകാര്യ സ്വാശ്രയ ലോ കോളേജിലേക്കും 2012–13 ലെ ത്രിവത്സര എൽഎൽ.ബി. കോഴ്സ് പ്രവേശനം 2–ാം ഘട്ട/അന്തിമ കേന്ദ്രീകൃത അലോട്ടുമെന്റ്

കേരളത്തിലെ നാല് സർക്കാർ ലോ കോളേജുകളിലെയും ഒരു സ്വകാര്യ സ്വാശ്രയ ലോ കോളേജിലെയും 2012–13 വർഷത്തെ ത്രിവത്സര എൽഎൽ.ബി കോഴ്സിലേയ്ക്ക് പ്രവേശനത്തിനുള്ള രണ്ടാം ഘട്ട/അന്തിമ കേന്ദ്രീകൃത അലോട്ടുമെന്റ് **2012 ഒക്ടോബർ മാസം 12–ാം തീയതി** പ്രസിദ്ധീകരിക്കുന്നതാണ്.

താഴെ പറയുന്ന സ്വകാര്യ സ്വാശ്രയ ലോ കോളേജിനെ കൂടി കേന്ദ്രീകൃത അലോട്ടുമെന്റ് പ്രക്രിയയിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്.

| നം | കോളേജ് | കോഴ്സ് കോഡ് | കോളേജ് കോഡ് | ആകെ സീറ്റ് |
|---|---|---|---|---|
| 2 | ശ്രീ നാരായണ ലോ കോളേജ്, പൂത്തോട്ട, എറണാകുളം | L3 | SEL | 60 |

മേൽപറഞ്ഞ സ്വകാര്യ സ്വാശ്രയ ലോ കോളേജിലെ 50% സീറ്റുകൾ (സർക്കാർ സീറ്റുകൾ) കേന്ദ്രീകൃത അലോട്ടുമെന്റ് പ്രക്രിയയിലൂടെ നികത്തുന്നതാണ്. സർക്കാർ സീറ്റിലേയ്ക്കുള്ള വാർഷിക ഫീസ് 20,000/–രൂപയാണ്.

2012 ഒക്ടോബർ 08–ാം തീയതി മുതൽ 10–ാം തീയതി വൈകുന്നേരം 4 മണി വരെ വിദ്യാർത്ഥികൾക്ക് www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ നിലവിലുള്ള ഓപ്ഷനുകൾ പുനഃക്രമീകരിക്കാവുന്നതും ആവശ്യമില്ലാത്ത ഹയർ ഓപ്ഷനുകൾ റദ്ദാക്കാവുന്നതും പുതുതായി ചേർത്തിട്ടുള്ള കോളേജിലേയ്ക്ക് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതുമാണ്.

**വിശദമായ അലോട്ടുമെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു.**

| | |
|---|---|
| 08.10.2012 | നിലവിലുള്ള ഓപ്ഷനുകൾ പുനഃക്രമീകരിക്കുന്നതിന്/ റദ്ദാക്കുന്നതിന് / പുതുതായി ചേർത്ത കോളേജിലേക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിന് വെബ്സൈറ്റ് സജ്ജമാകുന്നു |
| 10.10.2012 വൈകുന്നേരം 4 മണി | ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിന്/ പുനഃക്രമീകരിക്കുന്നതിന്/ റദ്ദാക്കുന്നതിന് ഉള്ള സൗകര്യം അവസാനിക്കുന്നു |
| 12.10.2012 | **രണ്ടാംഘട്ട/ അന്തിമ അലോട്ടുമെന്റ്** |
| 15.10.2012, 16.10.2012 | വിദ്യാർത്ഥികൾ അലോട്ടുമെന്റ് ലഭിച്ച കോളേജുകളിൽ ഹാജരായി പ്രവേശനം നേടണം |
| 18.10.2012 വൈകുന്നേരം 5 മണിക്കു മുമ്പ് | കോളേജ് പ്രിൻസിപ്പൽമാർ നോൺജോയിനിംഗ് റിപ്പോർട്ട് ഓൺലൈനായും അതിന്റെ പ്രിൻറൗട്ട് ഫാക്സ് മുഖേനയും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നൽകണം |

**ഫീസ്:**

ത്രിവത്സര എൽ.എൽ.ബി കോഴ്സിന്റെ വാർഷിക ട്യൂഷൻ ഫീസ് അലോട്ടുമെന്റ് ലഭിക്കുന്ന കോളേജുകളിൽ തന്നെ അഡ്മിഷൻ സമയത്ത് ഒടുക്കേണ്ടതാണ്.

അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അഡ്മിഷൻ സമയത്ത് പ്രോസ്പെക്ടസ് ഖണ്ഡിക **6** ൽ പറയുന്ന യോഗ്യത നേടിയിരിക്കണം.

**അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ട രേഖകൾ:**

1. പ്രവേശന പരീക്ഷയുടെ അഡ്മിറ്റ് കാർഡ്
2. പ്രവേശന പരീക്ഷാ കമ്മീഷണർ നൽകുന്ന അലോട്ടുമെന്റ് ലെറ്റർ
3. എസ്.എസ്.എൽ.സി/ജനന തിയതി തെളിയിക്കുന്ന മറ്റു സ്കൂൾ രേഖകൾ
4. യോഗ്യതാ പരീക്ഷയുടെ മാർക്ക്ലിസ്റ്റുകളും പാസ് സർട്ടിഫിക്കറ്റും (അസ്സൽ)
5. വിദ്യാർത്ഥി അവസാനം പഠിച്ച സ്ഥാപനത്തിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റും സ്വഭാവ സർട്ടിഫിക്കറ്റും
6. അടുത്തകാലത്തെടുത്ത രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ
7. സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന അപേക്ഷകർ അതത് സ്ഥാപന മേധാവിയിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റും സ്വഭാവ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.
8. കേരളത്തിന് പുറത്തുള്ള യൂണിവേഴ്സിറ്റികളിൽ/ബോർഡുകളിൽ നിന്ന് യോഗ്യതാ പരീക്ഷ പാസ്സായ അപേക്ഷകർ പ്രസ്തുത പരീക്ഷകൾ അംഗീകരിച്ചിട്ടുള്ളതായി കേരളത്തിലെ ബന്ധപ്പെട്ട യൂണിവേഴ്സിറ്റികൾ നൽകുന്ന എലിജിബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
9. മറ്റ് യൂണിവേഴ്സിറ്റികളിൽ നിന്നും യോഗ്യത നേടിയ വിദ്യാർത്ഥികൾ അഡ്മിഷൻ സമയത്ത് മൈഗ്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

**നിർദ്ദിഷ്ട തീയതികളിൽ കോളേജുകളിൽ അഡ്മിഷൻ നേടാത്ത വിദ്യാർത്ഥികൾക്ക് നിലവിലുള്ള അലോട്ടുമെന്റ് നഷ്ടപ്പെടുന്നതാണ്.**

രണ്ടാംഘട്ട അലോട്ടുമെന്റിൽ ഹയർ ഓപ്ഷനിലേയ്ക്ക് അലോട്ടുമെന്റ് ലഭിക്കുന്നവർ നിലവിലുള്ള കോളേജിൽ നിന്നും റ്റി.സി. വാങ്ങിയശേഷം പുതിയ കോളേജുകളിൽ നിർദ്ദിഷ്ട തീയതികളിൽ തന്നെ അഡ്മിഷൻ എടുക്കേണ്ടതാണ്. അല്ലാത്തപക്ഷം അവർക്ക് നിലവിലുള്ള അഡ്മിഷൻ നഷ്ടപ്പെടുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് **0471 2339101, 2339102, 2339103, 2339104** എന്നീ ഹെൽപ്പ് ലൈൻ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
05.10.2012

**പ്രവേശന പരീക്ഷാ കമ്മീഷണർ**